# " لا صَـــــــــفَرَ مُشْـــــــــؤُوْم "

# സഫർമാസം ദുശ്ശകുനമല്ല!!!

അബൂഹുറയ്റ (റ) വിൽ നിന്ന് നിവേദനം : നബി (സ) പറഞ്ഞു : ''രോഗ പകർച്ചയും, ശകുനവും, (ദുഖവാർത്ത കൊണ്ട് വരുമെന്ന് വിശ്വ സിക്കപ്പെടുന്ന) കൂമനും (ശകുനമുള്ള) സഫർ മാസവും ഇല്ല തന്നെ.'' (ബുഖാരി, മുസ്ലിം)

ജാഹിലിയ്യാ കാലഘട്ടക്കാർ കൊണ്ടുനടന്നിരുന്ന വിശ്വാസ വൈകല്യങ്ങൾ ചികിത്സിക്കുകയാണിവിടെ പ്രവാചകൻ(സ). സഫർ മാസത്തെ അവർ ദുശ്ശശകുനത്തിന്റെ മാസമായി കണ്ടിരുന്നു. അവർ ആ മാസത്തിൽ യാത്ര അനുഗ്രഹമില്ലാത്തതാകുമോയെന്ന് ഭയന്ന് യാത്ര ചെയ്യാറില്ലായിരുന്നു. സഫർ മാസത്തിലെ ബുധനാഴ്ച വർഷത്തിലെ ഏറ്റവും നഹ്സായ ദിനമായി എണ്ണിയിരുന്നു. പിൽകാലങ്ങളിൽ ചില മുസ്ലിംകളും ഈ ശകുന ദർശനം കൊണ്ട് നടന്നു പ്രവാചകൻ(സ)യുടെ പേരിൽ കളവ് കെട്ടിയുണ്ടാക്കുകവരെ ചെയ്തിട്ടുണ്ട്. '' മാസാന്ത്യത്തിലെ ബുധനാഴ്ച നിത്യ ദുഃഖത്തിന്റെ ദിനമാണ് '' എന്ന കള്ള ഹദീഥ് ആണ് കെട്ടിയുണ്ടാക്കപ്പെട്ടത്. എന്നാൽ നബി(സ) ഈ ധാരണകളെ ഉടച്ച് വാർത്തുകൊണ്ടു പറഞ്ഞത് : ''ശകുനമുള്ളതായ ഒരു സഫർ മാസമേയില്ല.'' എന്നാണ് .

ഇമാം ഇബ്നുറജബ്(റ) പറയുന്നു.: ''എന്നാൽ സഫർ പോലുള്ള ഏതെങ്കിലും ഒരു മാസത്തിൽ പ്രത്യേകം ശകുനം ദർശിക്കൽ ഒരിക്കലും ശരിയല്ല. കാരണം കാലം മുഴുവൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതിലാണ് മനുഷ്യരുടെ പ്രവർത്തനം നടക്കുന്നത്. ഒരു വിശ്വാസി അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കുന്ന കാലത്തോളം പ്രസ്തുത കാലം അനുഗ്രഹീതമാണ്. എന്നാൽ അല്ലാഹുവിനെ ധിക്കരിച്ചും പാപം ചെയ്തും ഒരാൾ തന്റെ കാലം കഴിച്ചുകൂട്ടുന്നുവെങ്കിൽ അതവന്ന് ദുശ്ശകുനമാണ്. മൊത്തത്തിൽ പറഞ്ഞാൽ പാപം കൊണ്ടും കുറ്റ കൃത്യങ്ങൾ കൊണ്ടുമല്ലാതെ ദുശ്ശകുനമില്ല കാരണം പാപങ്ങൾ അല്ലാഹുവിനെ കോപിപ്പിക്കും. ഒരു അടിമയോട് അല്ലാഹു കോപിച്ചാൽ ഇഹത്തിലും പരത്തിലും അവൻ ഭാഗ്യം കെട്ടവനായി., എന്നാൽ ഒരു അടിയാനോട് അല്ലാഹു തൃപ്തിപ്പെട്ടാൽ ഇഹത്തിലും പരത്തിലും അടിമ ഭാഗ്യവാനായി'' (ലത്വാഇഫുൽമആരിഫ്, പേജ്:76)

ഇനിയുമറിയാനും സത്യം ഗ്രഹിക്കുവാനും ഞങ്ങളുമായി ബന്ധപ്പെടുക.

സസ്നേഹം

ഇസ്ലാമിക് കൾച്ചറൽ സെന്റർ മലയാള വിഭാഗം 8320004 – 221
ദമ്മാം – സൗദി അറേബ്യ

وصلّى الله على نبيّنا محمّد وآله وصحبه وسلّم

الإعداد/ القسم المليباري بالمكتب التعاوني للدعوة والإرشاد وتوعية الجاليات بالدمام